# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 660** 2-11-2016 -ൽ **മറുപടിക്ക്**

## തകർച്ചയിൽ നിന്നും കെ.എസ്.ഇ.ബി. യെ രക്ഷിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. പി.സി. ജോർജ് : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രഥമ സ്ഥാനം കെ.എസ്.ഇ.ബി.യ്ക്ക് ആണെന്നും പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ നഷ്ടം 1272.90 കോടി രൂപയാണെന്നും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം 1272.90 കോടി രൂപയായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 313.29 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | 2013-14 -ൽ 75.02 കോടി രൂപയുടെ മാത്രം നഷ്ടമുണ്ടായിരുന്ന ഈ സ്ഥാപനത്തിന് നിലവിൽ ഇത്രയും വലിയ തുകയുടെ നഷ്ടം ഉണ്ടാകുവാൻ കാരണമെന്തെന്ന് വിവരിയ്ക്കുമോ; | (ബി) | ആഡിറ്റ് കണക്കുപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ നഷ്ടം 732.08 കോടി രൂപയാണ്. കെ.എസ്.ഇ.ബി G.O.(P) No.46/2013/PD തീയതി 31.10.2013 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി ആയി. 01.04.2013 മുതൽ 31.10.2013 വരെയുള്ള കാലയളവിലെ നഷ്ടം 707.83 കോടി രൂപയും 01.11.2013 മുതൽ 31.03.2014 വരെയുള്ള 5 മാസ കാലയളവിലെ നഷ്ടം 24.25 കോടി രൂപയുമാണ്. രണ്ടും കൂടി ചേർത്ത് സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടം 732.08 കോടി രൂപയാണ്. ആവശ്യകതയ്ക്കനുസരിച്ച് ആഭ്യന്തര ഉത്പാദനം ഇല്ലാത്തതിനാൽ പുറമെനിന്ന് വൈദ്യുതി വാങ്ങി താങ്ങാവുന്ന വിലയ്ക്ക് വിതരണം ചെയ്യേണ്ടിയും വരുന്നുണ്ട്. വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ ചെലവുകളിൽ കാലാകാലങ്ങളായുണ്ടാവുന്ന വർദ്ധനയ്ക്കനുസൃതമായി വൈദ്യുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. 2003 ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് കാലാനുസൃതമായി വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന |

| | | | |
|---|---|---|---|
| | | | വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. |
| (സി) | അഴിമതിയും കെടുകാര്യസ്ഥതയുമാണ് ഈ സ്ഥാപനത്തെ നഷ്ടത്തിലാക്കിയതെന്ന പത്രമാധ്യമങ്ങളിലെ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഇത്തരം വാർത്തകൾ മാധ്യമങ്ങളിൽ വരുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ വസ്തുതകൾ അന്വേഷിച്ച് നടപടി എടുക്കാൻ നിർദ്ദേശം നൽകാറുണ്ട്. |
| (ഡി) | ഇപ്രകാരമുള്ള ഒരു തകർച്ചയിൽ നിന്നും കെ.എസ്.ഇ.ബി. യെ രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ? | | (ഡി) കെ.എസ്.ഇ.ബി യുടെ നഷ്ടം കുറച്ച് ലാഭത്തിലാക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.<br>(1) ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്.<br>(2) കേന്ദ്ര സർക്കാർ 20.11.2015 ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി' യുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം 'AT&C LOSS' ഉം 'റവന്യൂ ഗ്യാപ്പ്' ഉം കുറയ്ക്കുന്നതിനും നടപടിയെടുക്കുന്നതാണ്.<br>മിതമായ വിലയിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ നഷ്ടം കുറച്ച് കൊണ്ടുവരുവാനാണ് ശ്രമിക്കുന്നത്.<br>കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട ഏകദേശം 1200 കോടി രൂപ ലഭ്യമാകുമ്പോൾ ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി കുറയുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Kamalakka

സെക്ഷൻ ഓഫീസർ